പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3347 — 24-06-2013 ൽ മറുപടിക്ക്

## മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് ബിവറേജസ് കോർപ്പറേഷൻ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന മദ്യ / ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി, 2008-ൽ, കെ.എസ്.ബി.സി. 30 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ബി) ബിവറേജസ് കോർപ്പറേഷന്റെ ലാഭവിഹിതത്തിന്റെ നിശ്ചിതഭാഗം മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br>(സി) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും ഇതിനായി എന്തുതുക ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ? | (ബി)യും, (സി)യും.<br>എക്സൈസ് വകുപ്പിന്റെ മദ്യ / ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി, കെ.എസ്.ബി.സി.-യുടെ ലാഭവിഹിതത്തിൽ നിന്നും തുകയൊന്നും നീക്കിവയ്ക്കുവാനും, കെ.എസ്.ബി.സി.-യുടെ കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടില്ല. എന്നാൽ, ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനത്തിനായി, ടി കോർപ്പറേഷനിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ